LBRD-C4/117/2026-LBRD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - ജീവനക്കാര്യം- കാസർഗോഡ് ഗവ: ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-1 ആയ ശ്രീ. മധു.ടി.പി-യ്ക്ക് (പെൻ നം: 369909) പലിശ രഹിത ചികിത്സ വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

സ.ഉ.(സാധാ) നം.717/2026/LBR തീയതി,തിരുവനന്തപുരം, 24-06-2026

പരാമർശം:-
1. സ.ഉ.(പി) നം.100/2024/ധന, തീയതി 22/11/2024
2. കാസർഗോഡ് ഗവ: ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-1 ആയ ശ്രീ. മധു.ടി.പി 06/05/2026-ൽ സമർപ്പിച്ച അപേക്ഷ.
3. ട്രെയിനിംഗ് ഡയറക്ടറുടെ 11/05/2026 തീയതിയിലെ ഡി.ടി/2525/2026-ബി1 നമ്പർ കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കാസർഗോഡ് ഗവ: ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-1 ആയ ശ്രീ. മധു ടി.പി-യുടെ [പെൻ നം:369909, ജനന തീയതി:13/05/1972] കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ നടത്തുന്നതിന് 24,40,000/- പലിശ രഹിത ചികിത്സ വായ്പ അനുവദിക്കണം എന്നഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. പരാമർശം (3) പ്രകാരം ടി അപേക്ഷ ട്രെയിനിംഗ് ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിൽ ലഭ്യമാക്കിയിരുന്നു .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ഗവ: ഐ.ടി.ഐ പ്രിൻസിപ്പാൾ ക്ലാസ്-1 ആയ ശ്രീ.മധു.ടി.പി ചികിത്സ തേടുന്ന കോഴിക്കോട് ആസ്റ്റർ മിംസ് ആശുപത്രി Medisep രണ്ടാം ഘട്ടത്തിൽ എംപാനൽ ചെയ്തിട്ടില്ലാത്തതിനാൽ, പരാമർശം (1)-ലെ ഉത്തരവിലെ ക്രമ നമ്പർ viii പ്രകാരം, പ്രത്യേക കേസായി പരിഗണിച്ച്, കോഴിക്കോട് ആസ്റ്റർ മിംസ് ഹോസ്പിറ്റലിൽ വെച്ച് ടിയാന്റെ കരൾ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ നടത്തുന്നതിനായി പലിശരഹിത ചികിത്സവായ്പ സംബന്ധിച്ച സർക്കാർ ഉത്തരവുകളിലും സർക്കുലറുകളിലും നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 18,00,000/- (പതിനെട്ട് ലക്ഷം രൂപ മാത്രം) പലിശരഹിത ചികിത്സാവായ്പ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(01) " എന്ന ശീർഷകത്തിൽ നിന്നും (2026-27 സാമ്പത്തിക വർഷം) കുറവ് വരുത്തേണ്ടതാണ്.

3) ഇപ്രകാരം അനുവദിച്ച 18,00,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീ.മധു.ടി.പി. സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തുന്നതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയ ശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കുന്നതുമാണ്.

4) ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത

വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷകൻ ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി പലിശ സഹിതം തിരിച്ച് പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദ് ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്.

4) മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിത്സയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കുവാൻ പാടുള്ളൂ. അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ ലഭ്യമാക്കാവൂ. കൂടാതെ വായ്പ തുക മാറിയ ട്രഷറിയുടെ പേരും ബിൽ നമ്പറും തീയതിയും ഉത്തരവ് പുറത്തിറങ്ങിയ തീയതി കഴിഞ്ഞു ഒരാഴ്ചയ്ക്കുള്ളിൽ ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്
ഡെപ്യൂട്ടി സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ.മധു.ടി.പി, പ്രിൻസിപ്പാൾ ക്ലാസ്-1, ഐ.ടി.ഐ, കാസർഗോഡ് [ട്രെയിനിംഗ് ഡയറക്ടർ മുഖാന്തിരം].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ജില്ല ട്രഷറി ഓഫീസർ, ജില്ല ട്രഷറി , കാസർഗോഡ് .
ധനകാര്യ (ലോൺസ്) വകുപ്പ്. (19/06/2026 തീയതിയിലെ 3530722/Loans-L3/46/2026-FIN നമ്പർ കുറിപ്പ് പ്രകാരം)
ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ്. (08/06/2026 തീയതിയിലെ ജി2/302/2026/ആ.കു.വ നമ്പർ കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവൺമെന്റ് വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Abhilash S S
Date: 25-06-2026 08:11:16
സെക്ഷൻ ഓഫീസർ